# പതിമൂന്നാം കേരള നിയമസഭ

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3873**

**31.01.2014 ലെ മറുപടിക്ക്**

<u>ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ചെയ്യുന്ന റോഡുകളുടെ നിർമ്മാണം</u>

**ചോദ്യം**

**ശ്രീ. ആർ. രാജേഷ് എം.എൽ.എ**

**ഉത്തരം**

**ശ്രീ.കെ.എം.മാണി**

(ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | എം. എൽ.എ.- എ.ഡി.എഫ് -ൽ ഉൾപ്പെടുത്തി ചെയ്യുന്ന റോഡുകളുടെ നിർമ്മാണം ഏത് എജൻസി മുഖാന്തിരമാണ് ചെയ്യേണ്ടത് എന്ന് വ്യക്തമാക്കുമോ ; | എം.എൽ.എ-എ.ഡി.എഫ്-ൽ ഉൾപ്പെടുത്തി ചെയ്യുന്ന പി.ഡബ്ല്യു.ഡി റോഡുകളുടെ നിർമ്മാണം-പൊതുമരാമത്ത് (റോഡ്സ്& ബ്രിഡ്ജസ്) മുഖാന്തിരമാണ് നടപ്പിലാക്കേണ്ടത്. പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഇത്തരം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടപ്പാക്കുവാനുള്ള ചുമതല പൊതുമരാമത്ത് വകുപ്പിനാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന റോഡുകൾ പ്രസ്തുത വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗമാണ് ചെയ്യുന്നത്. |
| (ബി) | ഗ്രാമീണ റോഡുകൾ തദ്ദേശ സ്വയംഭരണ വകുപ്പ് ആണ് ചെയ്യേണ്ടത് എന്നുള്ള സർക്കാർ ഉത്തരവ് ഉണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം പഞ്ചായത്തുകൾക്ക് കൈമാറ്റപ്പെട്ട ആസ്തികളുടെ സംരക്ഷണ മേൽനോട്ട ചുമതലകൾ പഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. |
| (സി) | ത്രിതല പഞ്ചായത്തുകളുടെ ചുമതലയിൽ ഉള്ള സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണവും തദ്ദേശ സ്വയംഭരണവകുപ്പ് മുഖാന്തിരമാണോ ചെയ്യേണ്ടത്; | കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 181 പ്രകാരം പഞ്ചായത്തുകൾക്കായി കൈമാറുന്ന സ്ഥാപനങ്ങളുടെ പൂർണ്ണമായ നിയന്ത്രണവും മേൽനോട്ടവും അതത് പഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. അങ്ങനെയാകുമ്പോൾ ത്രിതല പഞ്ചായത്തുകളുടെ ചുമതലയിലുള്ള സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ ബന്ധപ്പെട്ട പഞ്ചായത്താണ് ഏറ്റെടുത്തു നടപ്പിലാക്കേണ്ടത്. |

| | | |
|---|---|---|
| (ഡി) | പി.ഡബ്ല്യു.ഡി. റോഡുകളുടെയും ആശുപത്രികളുടെയും നിർമ്മാണം പി.ഡബ്ല്യു.ഡി. മുഖാന്തിരമാണോ ചെയ്യേണ്ടത്; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | 11.06.2012 ലെ സ.ഉ.(പി) നം.332/12/ധന ഉത്തരവ് പ്രകാരം എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടലുൾപ്പെടുത്തി ചെയ്യുന്ന പ്രവൃത്തികൾ (റോഡ്, പാലം, കെട്ടിടം, ജലസേചനം മുതലായവ) അവ ഏത് വകുപ്പിന് കീഴിലാണോ വരുന്നത്, ആ ഭരണവകുപ്പ് മുഖാന്തിരം ചെയ്യണമെന്നും, നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൻ കീഴിലുള്ള പ്രവൃത്തികൾക്ക്, പൊതുമരാമത്ത് പ്രവൃത്തികൾക്ക് ബാധകമായ എല്ലാ നടപടിക്രമങ്ങളും ബാധകമായിരിക്കുമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. |
| (ഇ) | എം.എൽ.എ- എ.ഡി.എഫ്. ഡൽഹി ഷെഡ്യൂൾറേറ്റിൽ എസ്റ്റിമേറ്റ് തയ്യാറാക്കണമെന്നുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കമോ? | 01.10.2013 മുതൽ സംസ്ഥാന സർക്കാരിന്റെ എല്ലാ വകുപ്പുകളിലും CPWD റേറ്റ് നടപ്പാക്കിക്കൊണ്ട് G.O.(P) No.36/2013/PWD തീയതി 17.04.2013 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് എൽ.എ.സി-എ.ഡി.എസിനു കീഴിലുള്ള പ്രവൃത്തികൾക്കും ബാധകമാണ്. |

സെക്ഷൻ ഓഫീസർ